-67-

45

©

Government of Kerala
കേരള സർക്കാർ
2000

Reg. No. KL/TV(N)/12
രജി. നമ്പർ

Act. 4

# KERALA GAZETTE
# കേരള ഗസററ്
## EXTRAORDINARY
അസാധാരണം
## PUBLISHED BY AUTHORITY
ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്


| Vol. XLV / വാല്യം 45 | Thiruvananthapuram, Tuesday | 18th January 2000 / 2000 ജനുവരി 18 | No. / നമ്പർ 100 |
|---|---|---|---|
| | തിരുവനന്തപുരം, ചൊവ്വ | 28th Pousha 1921 / 1921 പൌഷം 28 | |


## കേരള സർക്കാർ

നിയമ (നിയമ നിർമ്മാണ-എ) വകുപ്പ്

### വിജ്ഞാപനം

നമ്പർ 20484/ലെഗ്.എ2/99/നിയമം. തിരുവനന്തപുരം, 2000 ജനുവരി 18 / 1921 പൌഷം 28.

കേരള സംസ്ഥാന നിയമസഭയുടെ താഴെ പറയുന്ന ആക്ററ് പൊതുജനങ്ങളുടെ അറിവിനായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2000 ജനുവരി 18-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

സി. എസ്. പത്മനാഭൻ നായർ,
*നിയമവകുപ്പ് സ്പെഷ്യൽ സെക്രട്ടറി.*


PRINTED AND PUBLISHED BY THE S.G.P. AT THE GOVERNMENT PRESS
THIRUVANANTHAPURAM, 2000.

33/255/2000/DTP.


LIBRARY ARCHIVES Kerala Legislative Assembly

# 2000-ത്തിലെ 4-ാം ആക്ററ്

# 1999-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ആക്ററ്

സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ പദ്ധതികളിൽ പണം മുടക്കുന്നതിനായി ഒരു നിധി രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗിക മായതോ ആയ സംഗതികൾക്കും വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്ററ്

LIBRARY ARCHIVES Kerala Legislative Assembly

പീഠിക.—സംസ്ഥാനത്ത് അടിസ്ഥാന സൗകര്യപദ്ധതികളിൽ പണം മുടക്കുന്നതിനായി ഒരു നിധി രൂപീകരിക്കുന്നതും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ സംഗതികൾക്ക് വ്യവസ്ഥ ചെയ്യുന്നതും യുക്തമായിരിക്കുകയാൽ ;

ഇൻഡ്യൻ ഭരണഘടനയുടെ അൻപതാം സംവൽസരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്ററിന് 1999-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ആക്ററ് എന്ന് പേർ പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത് 1999 നവംബർ 11-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്ററിൽ, സന്ദർഭം മററു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) 'ബോർഡ്' എന്നാൽ 4-ാം വകുപ്പിൻകീഴിൽ രൂപീകരിക്കപ്പെട്ട കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ബോർഡ് എന്നർത്ഥമാകുന്നു ;

(ബി) 'സാമ്പത്തിക സഹായം' എന്നാൽ പദ്ധതിയിൽ വിവരിച്ചിട്ടുള്ളതരം സഹായങ്ങൾ എന്നർത്ഥമാകുന്നു;

(സി) 'നിധി' എന്നാൽ 3-ാം വകുപ്പിനും പദ്ധതിക്കും, കീഴിൽ രൂപീകരിക്കപ്പെട്ട കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി എന്നർത്ഥമാകുന്നു ;

(ഡി) 'ഫണ്ട് മാനേജർ' എന്നാൽ ബോർഡിന്റെ ഫണ്ട് മാനേജർ എന്നർത്ഥമാകുന്നു;

(ഇ) 'സർക്കാർ' എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(എഫ്) 'അടിസ്ഥാന സൗകര്യ പദ്ധതികളിൽ' വൈദ്യുത ഊർജ്ജം, റോഡുകൾ, ജലസേചനം, തുറമുഖങ്ങൾ, വിമാനത്താവളങ്ങൾ, ജലവിതരണം, ഉൾനാടൻ ഗതാഗതം, ഖരമാലിന്യ നിർമ്മാർജ്ജനം, മലിനജലനിർഗമനം മുതലായ മേഖലകളിലുള്ള പദ്ധതികളോ ഇത്തരം ഒന്നോ അതിലധികമോ മേഖലകളിലെ ഒരു വിവിധോദ്ദേശ പദ്ധതിയോ ഉൾപ്പെടുന്നതാണ്;

(ജി) 'തദ്ദേശസ്വയംഭരണസ്ഥാപനം' എന്നാൽ 1994-ലെ കേരള പഞ്ചായത്ത്രാജ് ആക്റ്റ് (1994-ലെ 13) പ്രകാരം രൂപീകരിച്ച ഏതെങ്കിലും തലത്തിലുള്ള ഒരു പഞ്ചായത്ത് എന്നോ 1994-ലെ കേരള മുനിസിപ്പാലിററി ആക്റ്റ് (1994-ലെ 20) പ്രകാരം രൂപീകരിച്ചിട്ടുള്ള ഒരു മുനിസിപ്പാലിററി എന്നോ അർത്ഥമാകുന്നു;

(എച്ച്) 'മററു സംരംഭങ്ങൾ' എന്നാൽ സർക്കാരിൻെറ മുതൽമുടക്ക് നാൽപ്പത് ശതമാനത്തിൽ കുറയാതെ ഉള്ളതും, 1956-ലെ കമ്പനി ആക്ററി (1956-ലെ 1-ാം കേന്ദ്ര ആക്റ്റ്) ൻ കീഴിൽ സംയോജിത മേഖലയിൽ സംസ്ഥാനത്ത് സ്ഥാപിക്കപ്പെട്ടിട്ടുള്ള പൊതുമേഖലാ കമ്പനികളെന്നോ, 1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ ശാസ്ത്രീയ ധർമ്മസംഘങ്ങൾ രജിസ്ട്രേഷൻ ആക്ററി (1955-ലെ 11) ൻ കീഴിലോ, 1860-ലെ സൊസൈററീസ് രജിസ്ട്രേഷൻ ആക്ററി (1860-ലെ 21-ാം കേന്ദ്ര ആക്റ്റ്) ൻ കീഴിലോ സ്ഥാപിക്കപ്പെട്ടിട്ടുള്ളതും, അതതു സംഗതിപോലെ, സർക്കാരിനോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കോ ഏതെങ്കിലും പൊതുമേഖലാ സംരംഭത്തിനോ അതിൻെറ ആസ്തികളിലും ഉടമസ്ഥാവകാശത്തിലും ഭരണത്തിലും അൻപത് ശതമാനത്തിൽ കുറയാതെ പങ്കാളിത്തമുള്ള സൊസൈററികളെന്നോ എന്നർത്ഥമാകുന്നു;

(ഐ) 'പൊതുമേഖലാ സംരംഭങ്ങൾ' എന്നാൽ 1956-ലെ കമ്പനി ആക്ററി (1956-ലെ 1-ാം കേന്ദ്ര ആക്റ്റ്) ൻ കീഴിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും സർക്കാർ കമ്പനിയോ അല്ലെങ്കിൽ 1969-ലെ കേരള സഹകരണ സംഘങ്ങൾ ആക്റ്റ് (1969-ലെ 21) പ്രകാരം രജിസ്ററർ ചെയ്തതോ രജിസ്ററർ ചെയ്തതായി കരുതപ്പെടുന്നതോ ആയതും സർക്കാരിന് അൻപത് ശതമാനത്തിൽ കുറയാതെ ഓഹരി മൂലധനം ഉണ്ടായിരിക്കുകയും, അതിൻെറ കാര്യനിർവ്വഹണത്തിൽ ഗണ്യമായ നിയന്ത്രണം ഉണ്ടായിരിക്കുകയും ചെയ്യുന്നതുമായ ഒരു സഹകരണ സംഘവുമോ എന്നർത്ഥമാകുന്നതും അതിൽ ഒരു നിയമത്തിൻ കീഴിൽ സ്ഥാപിതമായ പൊതു സംരംഭങ്ങളും ഉൾപ്പെടുന്നതുമാകുന്നു;

(ജെ) 'പട്ടിക' എന്നാൽ ഈ ആക്ററിൻെറ പട്ടിക എന്നർത്ഥമാകുന്നു;

(കെ) 'പദ്ധതി' എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ പദ്ധതി എന്നർത്ഥമാകുന്നു;

(എൽ) 'സംസ്ഥാനം' എന്നാൽ കേരള സംസ്ഥാനം എന്ന് അർത്ഥമാകുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(എം) 'സംരംഭങ്ങൾ' എന്നാൽ പൊതുമേഖലാ സംരംഭങ്ങളോ മററ് സംരംഭങ്ങളോ എന്ന് അർത്ഥമാകുന്നു;

(എൻ) 'വർഷം' എന്നാൽ സാമ്പത്തികവർഷം എന്ന് അർത്ഥമാകുന്നു.

3. കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി പദ്ധതി.— (1) സർക്കാരിന്, ഗസററ് വിജ്ഞാപനംവഴി, സംസ്ഥാനത്തെ അടിസ്ഥാന സൗകര്യപദ്ധതികളിലെ നിക്ഷേപത്തിനായി ഈ ആക്ററിൻകീഴിൽ ഒരു നിധി രൂപീകരിക്കുന്നതിനുവേണ്ടി കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി പദ്ധതി എന്ന പേരിൽ ഒരു പദ്ധതി ഉണ്ടാക്കാവുന്നതും, പദ്ധതി ഉണ്ടാക്കിയശേഷം ഉടൻതന്നെ ഈ ആക്ററിലെയും പദ്ധതിയിലെയും വ്യവസ്ഥകൾക്കനുസൃതമായി ഒരു നിധി രൂപീകരിക്കേണ്ടതുമാകുന്നു.

(2) നിധിയിലേക്ക്,—

(എ) 7-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള ധനസഹായവും;

(ബി) 8-ാം വകുപ്പുപ്രകാരം ബോർഡ് കടം വാങ്ങിയ തുകയും;

(സി) സർക്കാരോ ഏതെങ്കിലും സ്ഥാപനമോ നൽകിയിട്ടുള്ള ഗ്രാൻറുകളും വായ്പകളും അല്ലെങ്കിൽ മുൻകൂർ തുകകളും;

(ഡി) ബോർഡിൻെറ വരുമാനങ്ങൾ വർദ്ധിപ്പിക്കുന്നതിനായി മററു മാർഗ്ഗങ്ങളിൽകൂടി ബോർഡ് സമാഹരിച്ച ഏതൊരു തുകയും;

(ഇ) പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം നിധിയിലേക്ക് വക കൊള്ളിക്കേണ്ടതായ മറേറതെങ്കിലും തുകയും;

വരവു വയ്ക്കേണ്ടതാണ്.

(3) നിധി, 4-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട ബോർഡിൽ നിക്ഷിപ്തമാകുന്നതും നിധിയുടെ ഭരണം ബോർഡ് നിർവ്വഹിക്കേണ്ടതുമാണ്.

(4) നിധി താഴെപ്പറയുന്ന എല്ലാമോ അഥവാ ഏതെങ്കിലുമോ ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാവുന്നതാണ്, അതായത്:—

(എ) സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ പദ്ധതികളിലെ മുതൽ മുടക്കിനായി പണം നൽകുന്നതിന്;

(ബി) പൊതുമേഖലാ സംരംഭങ്ങൾക്കും മററ് സംരംഭങ്ങൾക്കും, അടിസ്ഥാന സൗകര്യപദ്ധതികളിലെ അവരുടെ മുതൽമുടക്കിനുവേണ്ടി സാമ്പത്തികസഹായം നൽകുന്നതിന്;

(സി) നിധിയിലേക്ക് ധനാഗമ മാർഗ്ഗങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഉപയോഗിച്ച ബോണ്ടുകളും കടപ്പത്രങ്ങളും വിടുതൽ ചെയ്യുന്നതിനും;

(ഡി) പദ്ധതിയിൽ പറഞ്ഞിട്ടുള്ള മറേറതെങ്കിലും ആവശ്യം നടപ്പാക്കുന്നതിനും.

(5) (2)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള എല്ലാ പണവും സർക്കാരിൻെറ പൊതു അക്കൗണ്ടിലോ അല്ലെങ്കിൽ സർക്കാരിൻെറ അനുമതിയോടുകൂടി ഏതെങ്കിലും നാഷണലൈസ്ഡ് ബാങ്കിലോ നിക്ഷേപിക്കേണ്ടതും പ്രസ്തുത അക്കൗണ്ട് ഫണ്ട് മാനേജർ കൈകാര്യം ചെയ്യേണ്ടതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly